**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4542** | **10-08-2021 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ലഭ്യമാക്കിയ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ ഇവിടെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല. |
| (ബി) | ഇത് സംബന്ധിച്ച് എം.എൽ.എ.ക്ക് സർക്കാർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച് എം.എൽ.എ.ക്ക് സർക്കാർ അയച്ച കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ? | (സി) | മുൻ നിശ്ചയിച്ച പ്രകാരമുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായതുകൊണ്ടും, എ.ഡി.ബി. വായ്പയുടെ കാലാവധി അവസാനിച്ചതുകൊണ്ടും പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

File No.HEDN-C4/98/2019-HEDN

**"ഭരണഭാഷ — മാതൃഭാഷ"**

**കേരള സർക്കാർ**

നമ്പർ.ഉ.വി.വ-സി4/98/2019/ഉ.വി.വ

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്
11/12/2020, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നതവിദ്യാഭ്യാസ വകുപ്പ്

അഡ്വ. പി.ടി.എ. റഹീം.എം.എൽ.എ.
മിസ്റ്റ
കൊടുവള്ളി പി.ഒ.
കോഴിക്കോട്

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - അസാപ് - കുന്നമംഗലത്ത് സ്കിൽ പാർക്ക് നിർമ്മിക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 14.07.2019 തീയതിയിലെ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. അധിക നൈപുണ്യ ആർജ്ജന പദ്ധതി (അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പാ സഹായത്തോടെയുളള ഒരു പദ്ധതിയാണ്. 2012 ൽ ആരംഭിച്ച പദ്ധതിയുടെ അടങ്കൽ തുകയിൽ 68 ശതമാനം എ ഡി ബി വായ്പാ സഹായമായാണ് നിശ്ചയിക്കപ്പെട്ടിട്ടുളളത്. അടങ്കൽ തുകയും പ്രവർത്തനങ്ങളും മറ്റും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുളളതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങളും ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്റേഴ്സും (ഡി.എൽ.ഐ.) പദ്ധതി ആരംഭത്തിൽ തന്നെ നിർവ്വചിക്കുകയും നിശ്ചയിക്കപ്പെടുകയുമുണ്ടായി.

2. ഇത്തരത്തിൽ നിർവ്വചിച്ച നിശ്ചയിക്കപ്പെട്ട ഘടകങ്ങളിൽ പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാനത്തു 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റു അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുളളത്. അവയിൽ 9 പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റുളളവ കെട്ടിട പണിയുടെ വിവിധ സ്റ്റേജുകളിലാണ്.

3. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുളള സ്ഥലം നിർണ്ണയിച്ചു നിശ്ചയിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്തു ഉളള സ്ഥലം പരിഗണിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുളളതും ടി സ്ഥലത്തിന്റെ പകുതി മുൻപ് പോലീസ് വകുപ്പിന് കൈമാറിട്ടുളളതും ബാക്കി ഭാഗം ഏറെ നാളായി ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കണ്ടെത്തി. ഈ സ്ഥലം കിടക്കുന്ന കുന്നിൻപ്രദേശത്തിന്റെ മുകൾഭാഗത്തേയ്ക്കു എത്തിപ്പെടാനായി നീളമുളളതും കുത്തനെയുളളതുമായ അപ്പ് രോച്ച് റോഡ് നിർമ്മിക്കേണ്ടി വരുമെന്നും പോലീസ് വകുപ്പിന് നേരത്തെ കൈമാറിയിരുന്ന സ്ഥലത്തു നിന്നും ഗണ്യമായ ഭാഗം ലഭിച്ചാൽ മാത്രമേ അത്തരത്തിൽ അപ്പ് രോച്ച് റോഡ് നിർമ്മിക്കാനാവൂ എന്ന് കണ്ടെത്തിയതിനാൽ ടി സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലായെന്നു വിലയിരുത്തപ്പെട്ടു.

4. മറ്റു അനുയോജ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുവാൻ ഫണ്ട് വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നതിനാൽ കുന്നമംഗലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചു കൊളളുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
**ഡോ. ഉഷ ടൈറ്റസ്**
പ്രിൻസിപ്പൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ